26468/ഭരണ-II(2)/2018/നിയമം　　　　　　　　　　　　നിയമ (ഭരണ II) വകുപ്പ്

# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3836　12/12/2018 ൽ മറുപടിക്ക്**

## ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II പി.എസ്.സി. നിയമനം

**ചോദ്യം:**
**ശ്രീ. റ്റി.വി. രാജേഷ്**

**ഉത്തരം:**
**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | |
|---|---|---|
| (എ) | നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് ഗ്രേഡ്-II പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴെന്നും എത്ര ഒഴിവുകൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നും അറിയിക്കാമോ; | ലീഗൽ അസിസ്റ്റന്റ് ഗ്രേഡ് II ന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 25.09.2017 ലാണ്. 2012 മുതൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതുവരെ 48 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനു ശേഷം ഉണ്ടായ അഞ്ച് ഒഴിവുകൾ ഉൾപ്പെടെ ആകെ 53 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ജില്ലകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും പ്രധാന ഓഫീസുകളിൽ നിയമ വകുപ്പിൽ നിന്നും ലോ ഓഫീസർമാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | ലാ ഓഫീസർമാരുടെ ആവശ്യകത പരിശോധിച്ച് തസ്തിക ആവശ്യമുള്ള പക്ഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | 3 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ